GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

03-06-2021

# കാർഷികവാർത്തകൾ

## 1. വിത്തുവണ്ടിയുമായി കാർഷിക സർവ്വകലാശാല

കോവിഡ് കാല പ്രത്യേക സേവനത്തിന്റെ ഭാഗമായി കർഷകർക്ക് വിത്തും വളവും അവരുടെ വീട്ടുമുറ്റത്ത് എത്തിച്ചുകൊടുക്കുക എന്നലക്ഷ്യത്തോടെ കേരള കാർഷിക സർവ്വകലാശാല 'വിത്തുവണ്ടി' സജ്ജമാക്കിയിരിക്കുന്നു. വിത്തുകൾ, വിവിധതരം വളങ്ങൾ, സുഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയ ബയോകൺട്രോൾ ഉപാധികൾ, ജൈവകീടനാശിനികൾ തുടങ്ങിയവ ഈ സഞ്ചരിക്കുന്ന കാർഷിക വിജ്ഞാന പ്രദർശനശാലയിൽനിന്നും വാങ്ങാവുന്നതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ തൃശ്ശൂർ ജില്ലയുടെ വിവിധഭാഗങ്ങളിലായി മുൻകൂട്ടി അറിയിച്ച് ഈ വാഹനം എത്തുന്നതായിരിക്കും. കർഷക സംഘങ്ങളോ കൂട്ടായ്മകളോ ആവശ്യപ്പെടുന്നതിനനുസരിച്ച് അതത് സ്ഥലങ്ങളിലേക്ക് വിത്തുവണ്ടിയുടെ സേവനം എത്തിക്കാൻ ccmannuthy@kau.in എന്ന അഡ്രസ്സിൽ ഇമെയിൽ അയക്കുകയോ 9446058252 എന്ന നമ്പറിൽ ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ച് മണിക്കും ഇടയിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

## 2. നടീൽ വസ്തുക്കൾ വില്പനയ്ക്ക്

കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര സെൻട്രൽ നഴ്സറിയിൽ മികച്ച ഇനം പച്ചക്കറി വിത്തുകളും തൈകളും വില്പനയ്ക്ക് ലഭ്യമാണ്. കൂടാതെ കോമാടൻ, കുറ്റ്യാടി, ലക്ഷദ്വീപ് ഓർഡിനറി തെങ്ങിൻതൈകൾ നീലം, പ്രിയൂർ, മല്ലിക, ചന്ദ്രക്കാരൻ, ഉദാദത്ത്, രത്ന തുടങ്ങിയ മാവിനങ്ങളും, മറ്റ് ഫല വൃക്ഷങ്ങളും, പന്നിയൂർ, കരിമുണ്ട, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, എന്നിവയും, അയർ, സമ്പൂർണ്ണ, അമൃതം തുടങ്ങിയ സൂക്ഷ്മ മൂലകക്കൂട്ടുകളും, സ്യൂഡോമോണാസ്, ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയും വിൽപ്പനയ്ക്കുണ്ട്. പ്രവർത്തി സമയം രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**3. ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറിസർവകലാശാല**

വളർത്തുമൃഗ പരിപാലനം, രോഗം ഭക്ഷണരീതി മറ്റ് അനുബന്ധമേഖലകൾ എന്നിവയിലുള്ള കർഷകരുടെ സംശയങ്ങൾക്ക് തത്സമയ പരിഹാരവുമായി വെറ്ററിനറി സർവകലാശാലയുടെ കാഫ് പദ്ധതി. കർഷകർക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ പ്രശ്നപരിഹാരം ലഭിക്കുന്നതിനായി എല്ലാ ദിവസവും പകൽ സമയം ഒൻപതു മണി മുതൽ പന്ത്രണ്ട് മണിവരേയും രണ്ടു മണി മുതൽ അഞ്ചു മണി വരെയും **'9447030801'** എന്ന നമ്പരിൽ വിളിയ്ക്കാവുന്നതാണ്. വിദഗ്ധരുമായി നേരിട്ട് ആശയവിനിമയം നടത്തി സംശയനിവാരണം നടത്താനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ എം കെ നാരായണൻ – **9447019009** : ഡോ എസ് അജിത്കുമാർ – **9400322511**

**ഓൺലൈൻ പരിശീലനങ്ങൾ**

**4.** കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (03-06-2021 ന്) വൈകിട്ട് 5.00 മണിക്ക് 'കന്നുകാലികളിലെ വിഷബാധ' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഡോ എ ആർ നിഷയുടെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ എസ് സുജിത്തിന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. നാളെ (04-06-2021 ന്) 'പശുക്കളിലെ പ്രത്യുല്പാദനം-കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്നതാണ് പ്രഭാഷണ വിഷയം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് - **9446625160 / 9895213500**

**5.** **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നും** ഇന്ന് (03-06-2021 ന്)രാവിലെ 11. 30 ന് 'ജൈവപച്ചക്കറി കൃഷി' എന്ന വിഷയത്തിൽ ശ്രീമതി അഞ്ജു ജോസും നാളെ (ജൂൺ മാസം നാലാം തീയതി) വൈകിട്ട് ഏഴ് മണിക്ക് 'കൃഷിച്ചിലവ് നിയന്ത്രക്കാൻ കാർഷിക യന്ത്രവൽക്കരണം' എന്ന വിഷയത്തിൽ ശ്രീമതി ജി ചിത്രയും ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം മൃഗ സംരക്ഷണ മേഖലയിൽ കർഷകർക്കൊരു കൈത്താങ്ങായി ഇന്ന് (ജൂൺ മാസം 3 ന് ) 'കന്നുകാലികളിലെ വന്ധ്യതയും പരിഹാര മാർഗ്ഗങ്ങളും' വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9446157139** / **9400483754** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മലമ്പുഴ ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് പരിശീലന കേന്ദ്രത്തിൽ നിന്നും **ഇന്ന് (03.06.2021)** രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'ആട് വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522713** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശങ്ങൾ – വാഴ കർഷകരുടെ ശ്രദ്ധയ്ക്ക്**

അഴുകൽ രോഗം ബാധിച്ച വാഴയുടെ അവശിഷ്ടങ്ങൾ മുറിവുകൾ എന്നിവയിലൂടെ രോഗം പകരാൻ സാധ്യതയുണ്ട്. ഇളം കന്നുകളെയാണ് കൂടുതൽ ബാധിക്കുന്നത്. നല്ല നീർവാർച്ച രോഗത്തിനെ ഒരു പരിധി വരെ നിയന്ത്രിക്കും. വാഴ കർഷകർ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കുക–

- ❖ രോഗമുക്തമായ കന്നുകൾ നടുക
- ❖ നടുന്നതിനു മുമ്പ് പത്ത് ലിറ്റർ വെള്ളത്തിൽ 40 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡും മൂന്ന് ഗ്രാം സ്ട്രെപ്റ്റോ സൈക്ലിനും കലർത്തി അതിൽ മുപ്പത് മിനിറ്റ് നേരത്തേയ്ക്ക് കന്നുകൾ മുക്കി വയ്ക്കണം.
- ❖ രോഗം ബാധിച്ചവ ഉടനടി നീക്കം ചെയ്യുക
- ❖ വിളവെടുപ്പിനു ശേഷം വാഴയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുക